പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3246 — 21.08.2017-ലെ മറുപടിക്ക്

## അടൂർ ഡിപ്പോയിലേയ്ക്ക് പുതിയ ദീർഘദൂര /ഇന്റർസ്റ്റേറ്റ് ബസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിലേയ്ക്ക് പുതിയതായി അനുവദിച്ച ദീർഘദൂര/ അന്തർസംസ്ഥാന ബസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിലേയ്ക്ക് ദീർഘദൂര സർവീസിനായി 3 സൂപ്പർ ഫാസ്റ്റ് ബസുകളും (RPK 949, RPK 950, ATC 29) ഒരു ഫാസ്റ്റ് പാസഞ്ചർ ബസും (RPA 777)നൽകിയിട്ടുണ്ട്. കൂടാതെ, 15.30 മണിയ്ക്ക് അടൂർ- ഉദയഗിരി സർവ്വീസ് പുതിയതായി ആരംഭിക്കുകയും ചെയ്തു. |
| (ബി) | നിലവിൽ അടൂർ കെ.എസ്.ആർ. ടി.സി. ഡിപ്പോയിലേയ്ക്ക് പുതിയതായി ദീർഘദൂര / അന്തർസംസ്ഥാന ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. അടൂരിൽ നിന്നും പുതുതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ പുതുതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ അടിയന്തിരമായി പ്രസ്തുത ഡിപ്പോയിലേയ്ക്ക് പുതിയ ദീർഘദൂര / അന്തർ സംസ്ഥാന സർവീസുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | പുതുതായി കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടുന്ന സമയത്ത് യാത്രക്കാർക്കും, കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ